പരിസ്ഥിതി സംരക്ഷണത്തിന് വനം വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ

111 (4463) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലയിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും ഗവേഷണ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ദേവികുളത്ത് നീലക്കുറിഞ്ഞിയെ സംരക്ഷിക്കുന്നതിനും ഈ പ്രദേശത്തെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പരിസ്ഥിതി സംരക്ഷണത്തിന് വനം വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) വനമേഖലയിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും ഗവേഷണ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

- ജൈവവൈവിധ്യം, വന്യ ആവാസവ്യവസ്ഥ എന്നിവയെ സംബന്ധിച്ച് വിവിധ സ്ഥാപനങ്ങൾ നടത്തിവരുന്ന ഗവേഷണപ്രവർത്തനങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി അനുമതിയും ആവശ്യമായ സൗകര്യങ്ങളും നൽകിവരുന്നു.

- ശാസ്ത്രീയ വന-വന്യജീവി പരിപാലനവും ജൈവവൈവിധ്യ പരിരക്ഷയും മുൻനിർത്തി ഗവേഷണമേഖലകൾക്ക് മുൻഗണന നിശ്ചയിക്കുകയും അത്തരം ഗവേഷണങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് വിവിധ ഗവേഷണ സ്ഥാപനങ്ങൾക്ക് വനം വകുപ്പ് സാമ്പത്തിക സഹായം നൽകിവരികയും ചെയ്യുന്നു.

- വനവും വന്യജീവി സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി കേരളത്തിലെ വനമേഖലയിൽ നിലവിലുള്ള അഞ്ച് ദേശീയോദ്യാനങ്ങൾ, മൂന്ന് പക്ഷി സങ്കേതങ്ങൾ 13 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ എന്നിവ രൂപീകരിച്ച് പരിരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- സംരക്ഷിത മേഖലകൾക്ക് പുറത്തുള്ള ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനായി ഉയർന്ന ജൈവവൈവിധ്യ മൂല്യമുള്ള 9 പ്രദേശങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു.

- വനമേഖലയ്ക്ക് പുറത്തുള്ള ജൈവവൈവിധ്യം സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കാവുകളും കണ്ടൽക്കാടുകളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

◆ വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും വന്യജന്തുക്കൾക്കെന്നപോലെ സസ്യജാലങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ ജൈവ സമ്പത്തിനും ആവാസ വ്യവസ്ഥയ്ക്കും പരിരക്ഷ നൽകുന്നു.

◆ വനവിഭവങ്ങളുടെ സുസ്ഥിരതയ്ക്കായി അവ ശേഖരിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

◆ കടുവകളുടെ സംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ട് പെരിയാർ കടുവാ സങ്കേതവും പറമ്പിക്കുളം കടുവാ സങ്കേതവും രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

◆ ആനകളുടെ സംരക്ഷണത്തിനുവേണ്ടി സംസ്ഥാനത്ത് ആനകൾ കാണപ്പെടുന്ന മുഴുവൻ വനമേഖലയും ഉൾപ്പെടുത്തി നിലമ്പൂർ, വയനാട്, ആനമുടി, പെരിയാർ എന്നീ 4 എലിഫെന്റ് റിസർവ്വുകൾ രൂപീകരിച്ച് ആന സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നു.

◆ വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലും അതിർത്തിയോട് ചേർന്ന് താമസിക്കുന്നതുമായ ജനങ്ങളുടെ പങ്കാളിത്തത്തോടെ വനസംരക്ഷണം ലക്ഷ്യമാക്കി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നു.

◆ വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിന് തടയണകൾ നിർമ്മിച്ചും, ജലസ്രോതസ്സുകൾ സംരക്ഷിച്ചും ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും വരുന്നു. കൂടാതെ ഒലട്ടി, മുള ഫലവൃക്ഷങ്ങൾ മുതലായവ വച്ചുപിടിപ്പിച്ചും ആഹാര ലഭ്യത വർദ്ധിപ്പിക്കുന്നു.

◆ കാട്ടുതീ തടയുക, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

◆ കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

◆ വന്യജീവി സംരക്ഷണ നിയമവും ജൈവവൈവിധ്യ നിയമവും നടപ്പിലാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

◆ പ്രക്ഷീണ വനപ്രദേശങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

◆ അപൂർവ്വ സസ്യജാലങ്ങളുടെ വംശവർദ്ധനവിന് സഹായകമായ നടപടികൾ സ്വീകരിച്ചുവരുന്നു.

◆ ജനങ്ങളുടെ വനാശ്രിതത്വം കുറയ്ക്കുന്നതിനായി മറ്റ് ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് സഹായം നൽകിവരുന്നു.

◆ മൃഗവേട്ട തടയുന്നതിന് കുറ്റകൃത്യങ്ങൾ നടക്കാൻ സാധ്യതയുള്ള പ്രശ്നപ്രദേശങ്ങളിൽ ആന്റി പോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

♦ വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും നൽകുന്നുണ്ട്.

♦ അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തിപ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

♦ ജൈവവൈവിധ്യ സംരക്ഷണം, പരിരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.

(ബി) ദേവികുളത്തെ നീലക്കുറിഞ്ഞികൾ സംരക്ഷിക്കുന്നതിനായി പ്രത്യേകം പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ഈ പ്രദേശത്തെ വനമേഖലയിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി വനാതിർത്തികളിൽ ജണ്ടയിട്ട് സംരക്ഷിച്ച് തുടർച്ചയായ നിരീക്ഷണം നടത്തി അനധികൃത ഇടപെടലുകൾ ഉണ്ടാകാതെ സംരക്ഷിച്ചു പരിപാലിച്ചു വരുന്നു. കൂടാതെ ചെക്ക് ഡാം, ഗള്ളി പ്ലഗ്ഗിംഗ് എന്നിവ നിർമ്മിച്ച് മണ്ണ്, ജലം എന്നിവ സംരക്ഷിക്കുകയും ജീവജാലങ്ങളുടെ നിലനിൽപ്പിനാവശ്യമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്തുവരുന്നു.

(സി) കേരളത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ മേൽനോട്ടം ശാസ്ത്ര സാങ്കേതിക വകുപ്പിനാണ്.

വനങ്ങളുടേയും വന ആവാസവ്യവസ്ഥയുടെയും വനത്തിനു പുറത്തുള്ള കാവുകളുടെയും കണ്ടൽക്കാടുകളുടെയും പരിരക്ഷണത്തിനായി വനം വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എല്ലാംതന്നെ ആത്യന്തികമായി കേരളത്തിന്റെ പരിസ്ഥിതിയുടെ സമഗ്ര സംരക്ഷണത്തിന് മുതൽക്കൂട്ടാകുന്നു.

വനമേഖലയിൽ പ്ലാസ്റ്റിക് വലിച്ചെറിയുന്നതിനെതിരെ നടപടി

112 (4464) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിലും മറ്റു സംരക്ഷിത വന മേഖലകളിലും എത്തുന്ന സഞ്ചാരികൾ അലക്ഷ്യമായി ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് അടക്കമുള്ള വസ്തുക്കൾമൂലമുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ ഭക്ഷിച്ച് ഏകദേശം എത്ര കാട്ടുമൃഗങ്ങൾക്ക് കഴിഞ്ഞ ആറുമാസത്തിനുള്ളിൽ മരണം സംഭവിച്ചു എന്ന് അറിയിക്കുമോ ;